(സി) ഇത് സംബന്ധിച്ച് കേസുകൾ തീർപ്പായ സാഹചര്യത്തിൽ സ്ഥലത്തിന്റെ അഡ്വാൻസ് പൊസഷൻ വാട്ടർ അതോറിറ്റിക്ക് കൈമാറുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) പടിയൂർ ഗോപികുമാർ എസ്റ്റേറ്റിൽ നിന്നും ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നും 1.65 ഹെക്ടർ സ്ഥലമാണ് വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്. പ്രസ്തുത മിച്ചഭൂമി സംബന്ധമായി മുൻഭൂവുടമ നൽകിയ കേസ് ബഹു. ഹൈക്കോടതി മുൻപാകെ നിലനിന്നിരുന്ന സാഹചര്യത്തിൽ കൈമാറ്റം സാദ്ധ്യമായിട്ടില്ല എന്നാൽ പ്രസ്തുത കേസിൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുകൾ ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത ഭൂമി വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.കെ. പൈതൽ നായരുടെ സ്ഥലം തിരിച്ചു നൽകാൻ നടപടി

77 (2133)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടനായ ശ്രീ. പി.കെ. പൈതൽ നായരുടെ അമ്പലവയൽ എന്ന സ്ഥലത്തെ 7 ഏക്കർ സ്ഥലം തിരിച്ചുകിട്ടുന്നതിനായി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി പി.പി. ജാനുഅമ്മ സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയാക്കി ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

പുറംപോക്ക് സ്ഥലം പതിച്ചു നൽകുവാൻ നടപടി

78 (2134)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തെക്കേക്കര വില്ലേജിൽ സർവ്വേ.486/6 എ-യിൽ 1.62 ആർ പുറംപോക്ക് സ്ഥലം പതിച്ചു നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ;

(ബി) പുറംപോക്ക് ഭൂമി പതിച്ചു നൽകാൻ കഴിയാത്ത വിധത്തിൽ കോടതി വിധി ഉണ്ടായിട്ടുണ്ടെങ്കിൽ ഇതിനെതിരെ ഡിവിഷൻ ബഞ്ചിന് അപ്പീൽ നൽകാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ തെക്കേക്കര വില്ലേജിൽ സർവ്വേ. 486/6 എ-യിൽപെട്ട 1.62 ആർ തോട് പുറംപോക്ക് സ്ഥലം പതിച്ചുനൽകുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ബഹു. ഹൈക്കോടതിയിലെ

LIBRARY ARCHIVES Kerala Legislative Assembly